# മർത്തമറിയം വനിതാസമാജം ഏകദിനസമ്മേളനം

മലങ്കര ഓർത്തഡോക്സ് സഭയിലെ ഡൽഹി ഭദ്രാസനത്തിൻെറ മർത്തമറിയം വനിതാസമാജം ഏകദിനസമ്മേളനം മാർച്ച് 6ന് ഹോസ്ഖാസ് സെൻറ് മേരിസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടും . തുടർന്ന് ബൈബിൾ ക്വിസ് ,ബൈബിൾ ക്ലാസ്സ് എന്നീ മത്സരങ്ങൾ നടത്തപ്പെടും.

പ്രസ്തുത സമ്മേളനത്തിൽ വച്ച് മികച്ച നഴ്സിനുള്ള അവാർഡ് നേടിയ ശ്രീമതി മറിയാമ്മ ജോസഫിനെ പ്രത്യേക അഭിനന്ദിക്കും. ഭദ്രാസന സെക്രട്ടറി വന്ദ്യ എം.എസ് സഖറിയ റമ്പാൻ,മർത്തമറിയം വനിത സമാജം വൈസ് പ്രസിഡൻറ് ഫാ. തോമസ് ജോൺ മാവേലിൽ, കത്തീഡ്രൽ വികാരി ഫാ. ഷാജി ജോർജ്ജ് അസി.വികാരി ഫാ. ജോൺസൺ ഐപ്പ്, മർത്തമറിയം വനിത സമാജം ഭദ്രാസന സെക്രട്ടറി ശ്രീമതി ബേബി തോമസ് എന്നിവർ നേതൃത്വം നല്കും.